**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2102** **21-06-2024 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമം ദുരുപയോഗപ്പെടുത്തി ബാങ്ക് വായ്പതട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർഫാസി നിയമം ദുരുപയോഗപ്പെടുത്തി ബാങ്ക് ഉദ്യോഗസ്ഥനും റിയൽ എസ്റ്റേറ്റ് മേഖലയിലെ ചിലരും ചേർന്ന് നടത്തിയ ബാങ്ക് വായ്പതട്ടിപ്പിനിരയായി ജപ്തി നടപടികൾ നേരിടുന്ന വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം, പുതുവൈപ്പ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ 17 സാധാരണ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വായ്പാതട്ടിപ്പിനിരയായ 17 കുടുംബങ്ങളിൽ 11 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ 9 പേർക്ക് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം അനുവദനീയമായ ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. തട്ടിപ്പിന് ഇരയായവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കൊച്ചി സിറ്റി പോലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പതിനൊന്ന് കേസുകളിൽ മൂന്ന് കേസുകൾ ക്രൈം ബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. ക്രൈം ബ്രാഞ്ചിനു കൈമാറിയ കേസുകൾ ഉൾപ്പെടെ എല്ലാ കേസുകളിലും അന്വേഷണം പൂർത്തിയാക്കി ബഹു.കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ അപ്പീൽ ഇപ്പോൾ ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത തട്ടിപ്പ് സംബന്ധിച്ച് ആന്റി സർഫാസി മൂവ്മെന്റ് ജനറൽ കൺവീനർ വി.സി.ജെന്നി, എം.എൽ.എ മുഖാന്തിരം 15.11.2023 ന് മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എസ്.എൽ.ബി.സി. കൺവീനറോട് സമർപ്പിക്കാൻ ആവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന വിഷയങ്ങളായ സർഫാസി നിയമം പിൻവലിക്കൽ, സർഫാസി നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ തുടങ്ങിയ എസ്.എൽ.ബി.സി യുടെ പ്രവർത്തന പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കാത്തതാണ്. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ